26 ആഗസ്റ്റ്, 1988

# ശ്രീനാരായണ സ്മൃതി

ഡോ. എൻ.വി. കൃഷ്ണവാരിയർ

ദർശനം, ആചാരം എന്ന രണ്ടു ഘടകങ്ങൾ എല്ലാ മതങ്ങൾക്കുമുണ്ട്. മനുഷ്യൻ, ഈശ്വരൻ, പ്രപഞ്ചം എന്നിവയെയും, ഇവയുടെ പരസ്പര ബന്ധത്തെയും സംബന്ധിച്ച ധാരണകളാണ് ദർശനത്തിൽ അടങ്ങുന്നത്. പ്രപഞ്ചത്തിൽ, സമൂഹത്തിൽ, മനുഷ്യൻ ജീവിക്കേണ്ടത് എങ്ങനെ എന്നതു സംബന്ധിച്ച ധാരണകൾ ആചാരത്തിൽ ഉൾക്കൊള്ളുന്നു.

ബ്രഹ്മവിദ്യയാണ് ഹിന്ദുമതത്തിൻെറ ദർശനം. പ്രപഞ്ചത്തിൻെറ ഉൽപത്തിസ്ഥിതിവിനാശങ്ങൾക്കു കാരണം ബ്രഹ്മമാകുന്നു എന്ന ജ്ഞാനമത്രേ ബ്രഹ്മവിദ്യ. ബ്രഹ്മവും മനുഷ്യാത്മാവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വ്യത്യസ്ത വീക്ഷണങ്ങൾ നിലവിലുണ്ട്. അദ്വൈതം, ദ്വൈതം, വിശിഷ്ടാദ്വൈതം മുതലായ വിഭിന്ന പ്രസ്ഥാനങ്ങൾ ബ്രഹ്മവിദ്യയ്ക്കുള്ളിൽ രൂപംകൊള്ളാനുള്ള കാരണം ഈ വീക്ഷണഭേദം ആകുന്നു. ഇവയിൽ ഏറ്റവുമധികം പ്രചാരമാർജിച്ച വീക്ഷണം ശങ്കരാചാര്യർ സ്ഥാപിച്ച അദ്വൈതദർശനമത്രേ. ശ്രീനാരായണഗുരു അദ്വൈതദർശനത്തെ കലവറ കൂടാതെ സ്വീകരിച്ച്, ദർശനമാല, ആത്മോപദേശശതകം മുതലായ തൻെറ പ്രധാന കൃതികളിൽ പ്രതിപാദിച്ചു. ''നാം ശങ്കരൻെറ അനുയായി ആണ്'' എന്ന് ഗുരു പ്രസ്താവിച്ചിട്ടുള്ളത് പ്രസിദ്ധമാകുന്നു.

ഹിന്ദുമതത്തിൻെറ ആചാരമെന്ന ഘടകം ഊന്നിയിരുന്നത് വർണാശ്രമധർമ സങ്കല്പത്തിലാണ്. ഗുണ–കർമ–വിഭാഗമനുസരിച്ച് ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്ന നാലു വർണങ്ങളും അനേകം അവാന്തര ജാതികളും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നും ഓരോ വർണത്തിന്നും ജാതിക്കും നിയതമായ ധർമം (ആചാരക്രമം) ഉണ്ടെന്നും സ്മൃതികളിൽ പ്രതിപാദിക്കുന്ന ആ ധർമം അനുസരിച്ചു ജീവിക്കുന്നത് ഇഹ–പരലോകങ്ങളിൽ ശ്രേയസ്സിന്നു കാരണമാകുമെന്നും ഉള്ള ധാരണയെയാണ് വർണധർമ സങ്കല്പം എന്നു പറയുന്നത്. ഹിന്ദുസമൂഹത്തിലെ ജാതിവ്യവസ്ഥയെ ന്യായീകരിച്ചിരുന്നത് വർണധർമസങ്കല്പത്തിൻെറ പേരിലാണ്. ശങ്കരാചാര്യർ വർണധർമസങ്കല്പത്തെ അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.

എന്നാൽ നാരായണഗുരു ഇക്കാര്യത്തിൽ ശങ്കരൻെറ അനുയായി ആയിരുന്നില്ല. ''മനുഷ്യന്ന് ഒരുജാതി'' എന്നു പറഞ്ഞപ്പോൾ നാരായണഗുരു ചെയ്തത് വർണ ധർമ സങ്കല്പത്തെ പാടെ നിരസിക്കുകയായിരുന്നു. ''മനുഷ്യൻ നന്നായാൽമതി'' എന്നു പറഞ്ഞപ്പോഴാകട്ടെ ''വർണ ധർമ'ത്തിൻെറ സ്ഥാനത്ത് ഗുരു ''മനുഷ്യധർമ'ത്തെ പ്രതിഷ്ഠിക്കുകയും ചെയ്തു. നാരായണഗുരു സമൂഹത്തിൽ ദർശനത്തിൻെറ തുടർച്ചയെ അങ്ങനെ ബലപ്പെടുത്തുകയും ആചാരത്തിൻെറ തുടർച്ചയെ അറുത്തു നീക്കിക്കളയുകയും ചെയ്തു. ഹിന്ദുക്കളെ സംബന്ധിച്ചിടത്തോളം അതോടെ വേദാന്തം പ്രസക്തമെങ്കിലും ധർമശാസ്ത്രം (സ്മൃതികൾ) അപ്രസക്തമായിത്തീർന്നു.

ഓരോ മനുഷ്യനും തൻെറ ജീവിതകാലത്തിൽ വ്യത്യസ്തങ്ങളായ നാലു ഘട്ടങ്ങളിലൂടെ കടന്നു പോകണമെന്നും ഈ ഘട്ടം ഓരോന്നിലും വ്യത്യസ്തങ്ങളായ ആചാരങ്ങൾ പുലർത്തണമെന്നുമുള്ള ധാരണയാണ് ''ആശ്രമ ധർമ സങ്കല്പം.'' വിദ്യാഭ്യാസത്തിൻെറ ഘട്ടമായ ബ്രഹ്മചര്യം, കുടുംബ ജീവിതത്തിൻെറ ഘട്ടമായ ഗാർഹസ്ഥ്യം, ലോകകാര്യങ്ങളിൽ നിന്നൊഴിഞ്ഞും ആധ്യാത്മിക കാര്യങ്ങളിൽ ശ്രദ്ധിച്ചും കുടുംബത്തിൽത്തന്നെ കഴിഞ്ഞു കൂടുന്ന വാനപ്രസ്ഥം, സർവസംഗ പരിത്യാഗം ചെയ്ത് വീടുവിട്ട് പരിവ്രാജകനായി ലോകാനുഗ്രഹാർഥം കർമം ചെയ്ത് ആത്മധ്യാന നിരതനായി വർത്തിക്കുന്ന സന്ന്യാസം എന്ന നാല് ആശ്രമങ്ങൾ പ്രസിദ്ധങ്ങളാണല്ലോ. ബ്രഹ്മചര്യാശ്രമവും ഗൃഹസ്ഥാശ്രമവും സാധാരണക്കാരായ ഏവർക്കും വിധിക്കപ്പെട്ടവയാണെന്ന് ശ്രീനാരായണ ഗുരു കരുതി. വാനപ്രസ്ഥാശ്രമം ആധുനിക ജീവിതചര്യക്കു പറ്റിയതല്ലെന്നായിരുന്നു അദ്ദേഹത്തിൻെറ വീക്ഷണം. സന്ന്യാസമെന്നത് സമൂഹത്തിൽ അപൂർവം ചിലർക്കുമാത്രം പ്രാപ്യമാണെന്നും അദ്ദേഹത്തിന് അഭിപ്രായമുണ്ടായിരുന്നു. ആശ്രമ ധർമസങ്കല്പത്തെ ശ്രീനാരായണ ഗുരു ഭാഗികമായി അംഗീകരിക്കുകയും കാലാനുസൃതമായി ഈ സങ്കല്പം പരിഷ്ക്കരിക്കേണ്ടതുണ്ടെന്ന് കരുതുകയും ചെയ്തു.

ശ്രീനാരായണ ഗുരുവിൻെറ അനുയായികളെന്നു സ്വയം പ്രഖ്യാപിക്കുന്ന പലരും അദ്ദേഹത്തിൻെറ അദ്വൈത ദർശനം അംഗീകരിക്കാത്ത ശുദ്ധ ഭൗതികവാദികളാണ്. വർണധർമ തിരസ്കാരം മാത്രമാണ് ഗുരുവിൻെറ സംഭാവനയായി ഇവർ കാണുന്നത്. ഗുരുവിൻെറ മറ്റു ചില അനുയായികൾക്കാകട്ടെ നാരായണ ഗുരു നടപ്പിൽ വരുത്തിയ ക്ഷേത്രാരാധ തീർഥയാത്ര മുതലായവയിൽ മാത്രമേ താൽപര്യം കാണുന്നുള്ളു. ശ്രീനാരായണ ധർമത്തെ അതിൻെറ സമഗ്രരൂപത്തിൽ കാണുകയും ആചാരങ്ങൾ സംബന്ധിച്ച ഗുരുവിൻെറ അഭിപ്രായങ്ങളും അദ്ദേഹത്തിൻെ ദർശനം കൂടി ഉൾക്കൊള്ളുകയും ചെയ്യുമ്പോഴേ ഒരാൾ യഥാർഥത്തിൽ ശ്രീനാരായണ ഗുരുവിൻെറ അനുയായി ആകുന്നുള്ളു.

